റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
വിദേശ എക്സ്ചേഞ്ച് ഡിപ്പാർട്ടുമെന്റ്
സെൻട്രൽ ആഫീസ്
മുംബൈ 400001

ആർ.ബി.ഐ/2004-05/492
എ.പി. (ഡി.ഐ.ആർ. സിരിയസ്)
അറിയിപ്പു നമ്പർ 46.

ജൂൺ 14, 2005

## വിദേശ എക്സ്ചേഞ്ച് ഇടപാടിനനുവദിച്ചിട്ടുള്ള എല്ലാ ബാങ്കുകൾക്കും

സാർ

ഇന്ത്യയിൽ താമസിക്കുന്നവർ വിദേശ സന്ദർശനത്തിനുപോകുമ്പോൾ, ഇന്റർ നാഷനൽ ക്രെഡിറ്റുകാർഡുകൾ/സ്റ്റോർവാല്യൂകാർഡുകൾ/ചാർജ്ജ് കാർഡുകൾ/സ്മാർട്ടു കാർഡുകൾ/എന്നിവ ഉപയോഗിക്കുന്നതിന്

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ അതിന്റെ പരസ്യം നമ്പർ ഫെമാ 15/2000/ആർ.ബി. തീയതി 3 മേയ് 2000-ൽ നിർദ്ദേശിച്ചിട്ടുള്ളത്, ഡെബിറ്റുകാർഡുകൾ, എ.ടി.എം.കാർഡുകൾ, മറ്റു കാര്യങ്ങൾ എന്നിവ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതിനായി നോട്ടുകളെപ്പോലെ ഉപയോഗിക്കണമെന്നാണ്.

ഇന്ത്യയിൽ താമസിക്കുന്നവർ വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ ചിലവുകൾക്കായി ഇന്റർനാഷനൽ ക്രെഡിറ്റു കാർഡുകൾ (ഐ.സി.സി.എസ്) അതിന്റെ പരിധിയിലുള്ള തുകയ്ക്കു ഉപയോഗിക്കാവുന്നതാണ്. അതിന് 2000-ലെ വിദേശ എക്സ്ചേഞ്ചു മാനേജ് മെന്റ് (കറന്റ് അക്കൗണ്ട് ഇടപാടുകൾ) ചട്ടങ്ങൾ. 5-ാം വകുപ്പുപ്രകാരമുള്ള പരിമിതപ്പെടുത്തലുകൾ ബാധകമല്ലെന്ന് 2003 ജനുവരി 24-നു പുറപ്പെടുവിച്ചിട്ടുള്ള എ.പി. (ഡി.ഐ.ആർ) സീരീസ് അറിയിപ്പു നമ്പർ 73-ൽ വിശദീകരിച്ചിട്ടുണ്ട്.

### എ. ഇന്റർനാഷണൽ ഡെബിറ്റ് കാർഡുകൾ

വിദേശ എക്സചേഞ്ച് അനുവദിച്ചിട്ടുള്ള ബാങ്കുകൾ (എ.ഡി ബാങ്കുകൾ)ക്കു ഇന്റർ നാഷനൽ ഡെബിറ്റുകാർഡുകൾ (ഐ.ഡി.സി.എസ്) നൽകുന്നതിന് അനുവാദം കൊടുത്തിട്ടുള്ളതായി അറിയിക്കുന്നു. ഇന്ത്യക്കാരനായ ഒരാൾ വിദേശത്തു സഞ്ചരിക്കുമ്പോൾ പണം പിൻവലിക്കുന്നതിനും വെളിയിലുള്ള വ്യാപാരസ്ഥാപനങ്ങൾക്കു പണം കൊടുക്കുന്നതിനും അതിന്റെ പരിധിവരെ അനുവാദമുണ്ട്. ഐ.ഡി.സി.എസ് അതിന്റെ കറന്റ് അക്കൗണ്ട് ഇടപാടിന്റെ പരിധി വരെയുള്ള ചിലവു മാത്രമേ അനുവദിച്ചിട്ടുള്ളൂ. അത് ഗവൺമെന്റ് ആഫ് ഇന്ത്യ അറിയിപ്പു നമ്പർ ജി.എസ്.ആർ 381(ഇ) ഉം മേയ് 3-ാം തീയതിയിൽ ഉള്ള

അറിയിപ്പിലെ പട്ടികയിൽ പറഞ്ഞിട്ടുണ്ട്. കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികൾ ഇത്തരം കാർഡുകൾ അനുസരിച്ചുള്ള പേമെന്റുകൾക്കു ബാധകമാണ്.

3. അതിന്റെ പിന്നീടുള്ള വിശദീകരണത്തിൽ ഐ.ഡി.സി.എസ്-കൾ നിരോധിച്ചിട്ടുള്ള ലോട്ടറി ടിക്കറ്റുകൾ, മാസികകൾ എന്നിവ ഇന്റർനെറ്റ് വഴി വാങ്ങുകയോ ഉപയോഗിക്കുകയോ ചെയ്യരുത് എന്ന് പറഞ്ഞിട്ടുണ്ട്.

വീണ്ടും വിളിക്കുന്നതിനുള്ള സേവനത്തിനു പണം നൽകുക മുതലായവയ്ക്ക് ഉപയോഗിക്കാൻ പാടില്ല. അതാതയത് അത്തരം കാര്യങ്ങൾക്കും/സാധനങ്ങൾക്കും വേണ്ടി വിദേശ എക്സ്ചേഞ്ച് അനുവദിച്ചിട്ടില്ല.

4. **പ്രമാണം തയാറാക്കുകയും റിപ്പോർട്ടു ചെയ്യുകയും ചെയ്യുക.**

എ.ഡി ബാങ്കുകൾ ഐഡിസിഎസ് നൽകുമ്പോൾ ഒരു കാര്യം ഉറപ്പാക്കിയിരിക്കണം. വിദേശ എക്സ്ചേഞ്ചു നൽകുന്നതിനുള്ള നടപടികളും പ്രമാണങ്ങളും പാലിച്ചിട്ടുണ്ടെന്ന്. കൂടുതലായി എ.ഡി ബാങ്കുകളിലെ ഇന്റർനാഷനൽ ബാങ്കിംഗ് ഡിവിഷന്റെ വിദേശ എക്സ്ചേഞ്ചു ഡിപ്പാർട്ടുമെന്റുകൾ ഓരോ ഡിസംബർ 31-നും റിപ്പോർട്ടു സമർപ്പിക്കേണ്ടതുണ്ട് (മാതൃക ഇതോടൊപ്പം നൽകുന്നു). അത് ആ വർഷത്തിൽ ഐഡിസി കാർഡുകാരൻ ചിലവാക്കിയിട്ടുള്ള പതിനായിരം യൂഎസ് ഡോളറിൽ കൂടുതലാണെങ്കിൽ മൊത്തമാക്കുന്നെങ്കിൽ റിപ്പോർട്ടുകൾ ചീഫ് ജനറൽ മാനേജർ വിദേശ എക്സ്ചേഞ്ച് ഡിപ്പാർട്ടുമെന്റ്, വിദേശ പേമെന്റു ഡിവിഷൻ സെൻട്രൽ ആഫീസ് - മുംബൈ - 400 001-ന് അടുത്ത ജനുവരി മാസം 20-നു മുൻപു നൽകിയിരിക്കണം.

**ബി. സ്റ്റോർവാല്യു കാർഡുകൾ/ചാർജ്ജ് കാർഡുകൾ/സ്മാർട്ടു കാർഡുകൾ മുതലായവ**

ചില എ.ഡി ബാങ്കുകൾ സ്റ്റോർ വാല്യൂ കാർഡുകൾ, ചാർജ്ജ് കാർഡുകൾ, സ്മാർട്ടു കാർഡുകൾ എന്നിവ പ്രൈവറ്റു ബിസിനസ്സുകൾക്കും വിദേശത്തു സഞ്ചരിക്കുന്നവർക്കും നൽകുന്നതായും അവർ വ്യവസായസ്ഥാപനങ്ങൾക്കു പണം നൽകുകയും എ.റ്റി.എം.-കളിൽ നിന്നു പണം എടുക്കുകയും ചെയ്യുന്നതായും അറിയുന്നു. അങ്ങനെ കാർഡു നൽകുന്നതിനു റിസർവ്വു ബാങ്കിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമില്ല. എന്നാൽ ആ കാർഡുകൾ, അനുവദിച്ചിട്ടുള്ള കറന്റു അക്കൗണ്ടു ഇടപാടുകളുടെ പരിധിവരെയും, 2000-ലെ വിദേശ എക്സ്ചേഞ്ചു മാനേജ്മെന്റ് (കറന്റ് അക്കൗണ്ട് ഇടപാടുകൾ) ചട്ടങ്ങളും അതിന്റെ കാലാകാലങ്ങളിലെ ഭേദഗതികളും അനുസരിച്ചായിരിക്കണം.

6. എല്ലാ അംഗീകൃത ഇടപാടു ബാങ്കുകളും ഈ അറിയിപ്പിലെ വിവരങ്ങൾ എല്ലാ ഘടകങ്ങളേയും ഇടപാടുകാരേയും അറിയിക്കണം.

7. 1999-ലെ വിദേശ എക്സ്ചേഞ്ചു മാനേജ്മെന്റ് ആക്ട് (1999-ലെ ആക്റ്റ് നമ്പർ 42)-ലെ 10(4) 11(1) വകുപ്പുപ്രകാരമാണ് ഈ അറിയിപ്പു നൽകുന്നത്. മറ്റേതെങ്കിലും നിയമമനുസരിച്ച് അംഗീകാരവും, അനുവാദവും വേണമെങ്കിൽ അതിനു യാതൊരു വിധ എതിർപ്പുമില്ല.

വിശ്വസ്തതയോടെ

**വിനയ് ബായ്ജാൽ**

ജനറൽ മാനേജർ ഇൻ ചാർജ്ജ്

**അനുബന്ധം**

**മാതൃകാ ഫാറം**

വിദേശ എക്സ്ചേഞ്ച് ഐ.ഡി.സി.എസ് 100000 യൂസ് ഡോളറിൽ കൂടുതൽ ഒരു വർഷത്തിൽ ഉപയോഗിച്ച റിപ്പോർട്ട് ഡിസംബർ 31................

ബാങ്കിന്റെ പേര്

| **അക്കൗണ്ടുള്ള ആളിന്റെ പേര്** | **തുക അമേരിക്കൻ ഡോളറിൽ** | | **റിമാർക്സ്** |
|---|---|---|---|
| | **പണമായി പിൻവലിച്ചത്** | **വാണിജ്യ സ്ഥാപനങ്ങളിലു പയോഗിച്ചത്** | |
| | | | |

ഒപ്പ്

പേരും ഉദ്യോഗപ്പേരും

തീയതി

മുദ്ര